തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ടെൻഡർ വിജ്ഞാപന സംഗ്രഹം (Tender Summary)

വിവരങ്ങൾ (Details)	വിവരണം / മൂല്യം (Description / Value)	പ്രധാന നിബന്ധനകൾ / കുറിപ്പുകൾ (Key Conditions / Notes)
ടെൻഡർ നമ്പർ (Tender No.)	13337/26/ശബ	തീയതി: 04/11/2026
പ്രവൃത്തി (Name of Work)	സന്നിധാനം, പമ്പ, ട്രെക്കിംഗ് പാത എന്നിവിടങ്ങളിലെ ശൗചാലയങ്ങളുടെ ശുചീകരണവും പരിപാലനവും	ഏകദേശം 1,600-ൽ പരം പൊതുശൗചാലയങ്ങളും മൂത്രപ്പുരകളും
കരാർ കാലാവധി (Contract Period)	15/11/2026 മുതൽ 20/01/2027 വരെ	മണ്ഡല മകരവിളക്ക് മഹോത്സവ കാലയളവ്
ഇ.എം.ഡി (EMD)	**₹1,00,000/- (ഒരു ലക്ഷം രൂപ)**	വിജ്ഞാപനത്തിലെ ബ്രാക്കറ്റിൽ നൽകിയിട്ടുള്ള തുക
ടെൻഡർ ഫീ (Tender Fee)	**₹1,500/- + GST**	തിരികെ ലഭിക്കാത്തത്
സമർപ്പണം ആരംഭിക്കുന്നത് (Opening for Submission)	05/11/2026 11 AM	etendereskerala.com / tdb.org.com
അവസാന തീയതി & സമയം (Closing Date & Time)	**10 /11/2026, 11:00 AM**	ഓൺലൈൻ വഴി സമർപ്പിക്കേണ്ട അവസാന സമയം
ടെൻഡർ തുറക്കുന്ന തീയതി	11/11/2026 11 AM	Two Cover System (Cover A: Tech, Cover B: Financial)

(Opening Date)		
സേവന നിരക്ക് ശൈലി (Quotation Rate)	ഒരാൾക്ക്, ഒരു ദിനം പ്രതിദിനമുള്ള തുക	നികുതികൾ, കെമിക്കലുകൾ, ശമ്പളം, ഉപകരണങ്ങൾ ഉൾപ്പെടെ കാട്ട് ചെയ്യണം
യോഗ്യതാ മാനദണ്ഡം (Eligibility & Turnover)	**₹1 കോടി വാർഷിക വിറ്റുവരവ് (Turnover)**	കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും ഒന്നിൽ. 2-5 വർഷത്തെ പ്രവൃത്തി പരിചയം.

പ്രധാന നിബന്ധനകളും വിവരങ്ങളും (Key Summary Notes)

- തീർത്ഥാടകരിൽ നിന്നും ശൗചാലയ ഉപയോഗത്തിന് യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ല (സൗജന്യ സേവനം).
- ട്രെക്കിംഗ് പാതയിലെ ശൗചാലയങ്ങളിലും സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ശൗചാലയങ്ങളിലും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.
- ജീവനക്കാർ നിർബന്ധമായും യൂണിഫോം, ഐഡി കാർഡ്, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ എന്നിവ ധരിച്ചിരിക്കണം.
- മലിനജലവും മാലിന്യങ്ങളും തുറസ്സായ സ്ഥലങ്ങളിലോ പമ്പാ നദിയിലോ മറ്റ് ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാൻ പാടില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ടെൻഡർ വിജ്ഞാപനം

ശബരിമല സന്നിധാനം, പമ്പ, ടെക്കിംഗ് പാത എന്നിവിടങ്ങളിലെ ശൗചാലയങ്ങളുടെ ശുചീകരണവും പരിപാലനവും

ടെൻഡർ നമ്പർ: 13337/26/ശബ **തീയതി: 29/10/2026**

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ശബരിമല സന്നിധാനം, പമ്പ, നീലിമല, അപ്പാച്ചിമേട്, സ്വാമി അയ്യപ്പൻ റോഡ്, മറ്റ് അനുബന്ധ പ്രദേശങ്ങൾ എന്നിവിടങ്ങളിലായി സ്ഥിതിചെയ്യുന്ന ഏകദേശം 1,600-ൽ പരം പൊതുശൗചാലയങ്ങളും മൂത്രപ്പുരകളും തീർത്ഥാടകർക്ക് സൗജന്യമായി ഉപയോഗിക്കുന്നതിനായി ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത ശൗചാലയങ്ങൾ തീർത്ഥാടന കാലയളവിൽ (മണ്ഡല മകരവിളക്ക് മഹോത്സവം) എല്ലായ്പ്പോഴും ശുചിത്വത്തോടെയും പ്രവർത്തനക്ഷമമായും നിലനിർത്തുന്നതിനായി, ആധുനിക ശുചീകരണ സംവിധാനങ്ങളും യന്ത്രസാമഗ്രികളും ആവശ്യമായ സാമ്പത്തിക-സാങ്കേതിക ശേഷിയുമുള്ള പരിചയസമ്പന്നരായ അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്ന് മത്സരധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നു.

1. പ്രവൃത്തിയുടെ സ്വഭാവം

- **മേഖലകൾ:** ശബരിമല സന്നിധാനം, പമ്പ, ടെക്കിംഗ് പാത (നീലിമല, അപ്പാച്ചിമേട്, സ്വാമി അയ്യപ്പൻ റോഡ്) ഉൾപ്പെടെ ബോർഡ് നിർദ്ദേശിക്കുന്ന വിവിധ പ്രദേശങ്ങളിലെ ശൗചാലയങ്ങളുടെയും മൂത്രപ്പുരകളുടെയും സമഗ്രമായ ശുചീകരണവും പരിപാലനവും.
- **ശുചീകരണം:** എല്ലാ ശൗചാലയങ്ങളും ഭക്തജനങ്ങൾക്ക് എപ്പോഴും ഉപയോഗപ്രദമായ രീതിയിൽ നിശ്ചിത ആവശ്യാനുസൃത ഇടവേളകളിൽ (രണ്ട് മണിക്കൂറിനുള്ളിൽ കുറയാത്ത ഇടവേളകളിൽ) വൃത്തിയാക്കുകയും ശുചിത്വം ഉറപ്പാക്കുകയും ചെയ്യുക.
- **അണുനശീകരണം:** ടോയ്ലറ്റ് സീറ്റുകൾ, യൂറിനലുകൾ, വാഷ് ബേസിനുകൾ, നിലം, ഭിത്തികൾ, വാതിലുകൾ എന്നിവ അംഗീകൃത അണുനാശിനികൾ ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കണം.
- **ദുർഗന്ധ നിയന്ത്രണം:** ദുർഗന്ധം ഫലപ്രദമായി നിയന്ത്രിക്കാനും പരിസര ശുചിത്വം ഉറപ്പാക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

- **മാലിന്യ സംസ്കരണം:** ശൗചാലയങ്ങളിലും പരിസരങ്ങളിലുമുള്ള മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിച്ച് ബോർഡും ബന്ധപ്പെട്ട അധികാരികളും നിർദ്ദേശിക്കുന്ന രീതിയിൽ നീക്കം ചെയ്യുകയും സംസ്കരിക്കുകയും ചെയ്യുക.
- **ഉപഭോഗ വസ്തുക്കൾ:** കൈകഴുകുന്നതിനുള്ള സോപ്പ്/ലിക്വിഡ് സോപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ ഉപഭോഗ വസ്തുക്കൾ ലഭ്യമാക്കണം.
- **സംവിധാന പരിപാലനം:** ഡ്രെയിനേജ്, വാഷ് ബേസിൻ, ഫ്ലഷിംഗ് സംവിധാനം എന്നിവയുടെ ശുചിത്വവും പ്രവർത്തനക്ഷമതയും എപ്പോഴും ഉറപ്പാക്കണം.
- **ഉപകരണ ലഭ്യത:** ശുചീകരണത്തിനാവശ്യമായ ആധുനിക യന്ത്രങ്ങൾ, ഉപകരണങ്ങൾ, അണുനാശിനികൾ, സാമഗ്രികൾ, ജീവനക്കാരുടെ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ എന്നിവ കരാറുകാരൻ തന്നെ ലഭ്യമാക്കണം.
- **പ്രത്യേക ശ്രദ്ധ:** ടെക്കിംഗ് പാതയിലെ ശൗചാലയങ്ങളിൽ തീർത്ഥാടകർക്ക് തടസ്സമില്ലാത്ത ശുചിത്വ സേവനം ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധ ചെലുത്തണം. കൂടാതെ സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്കായുള്ള ശൗചാലയങ്ങളിൽ പ്രത്യേക കരുതൽ നൽകണം.
- **രേഖകൾ സൂക്ഷിക്കൽ:** ശുചീകരണ പ്രവർത്തനങ്ങളുടെ ദൈനംദിന രേഖകൾ സൂക്ഷിക്കുകയും ബോർഡ് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കായി ലഭ്യമാക്കുകയും വേണം.

2. ജീവനക്കാരും മേൽനോട്ടവും (Manpower & Supervision)

- കരാറുകാരൻ പ്രവൃത്തിയുടെ വ്യാപ്തിയും തീർത്ഥാടകരുടെ തിരക്കും കണക്കിലെടുത്ത് അനുയോജ്യമായ എണ്ണം പരിശീലനം ലഭിച്ച ജീവനക്കാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയോഗിക്കണം. തിരക്കേറിയ സ്ഥലങ്ങളിൽ 24 മണിക്കൂറും സേവനം ഉറപ്പാക്കണം.
- ജീവനക്കാർ നിർബന്ധമായും യൂണിഫോം, തിരിച്ചറിയൽ കാർഡ്, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ എന്നിവ ധരിച്ചിരിക്കണം. ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും സുരക്ഷാ നിർദ്ദേശങ്ങളും നൽകേണ്ടതാണ്.
- ഓരോ മേഖലയിലും ഒരു സൂപ്പർവൈസറെയും, എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു പ്രോജക്ട് മാനേജറെയും നിയോഗിക്കണം.

- ജീവനക്കാരുടെ ഹാജർ, ഡ്യൂട്ടി സമയം, ജോലിയുടെ പുരോഗതി എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള സുരക്ഷാ പരിശോധനകളും പൂർത്തിയാക്കേണ്ടതാണ്.

3. കരാർ കാലാവധി

- കരാറിന്റെ കാലാവധി മണ്ഡല മകരവിളക്ക് കാലയളവായ **15/11/2026** മുതൽ **20/01/2027** വരെയായിരിക്കും.
- ബോർഡിന്റെ തീരുമാനപ്രകാരം ആവശ്യമായ പക്ഷം നിബന്ധനകൾക്ക് വിധേയമായി കരാർ കാലാവധി നീട്ടി നൽകാവുന്നതാണ്.

4. ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത (Eligibility Criteria)

- കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃതമായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം അല്ലെങ്കിൽ നിയമപരമായി പ്രവർത്തിക്കുന്ന കമ്പനി ആയിരിക്കണം.
- ശുചീകരണ പ്രവൃത്തികളിൽ മുൻപരിചയമുള്ളവരും ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളെയും സാമ്പത്തികശേഷിയെയും ലഭ്യമാക്കാൻ കഴിവുള്ളവരുമായിരിക്കണം.
- കമ്പനി/സ്ഥാപന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, **GST** രജിസ്ട്രേഷൻ, **PAN** എന്നിവ ഉണ്ടായിരിക്കണം.
- സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന സത്യവാങ്മൂലം സമർപ്പിക്കണം.

5. പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങളും സമർപ്പിക്കേണ്ട രേഖകളും (PQC Criteria & Documents)

- ടെൻഡർ രേഖകൾ **tdb.org.com, etendereskerala.com** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.
- ടെൻഡർ സമർപ്പണം ആരംഭിക്കുന്ന തീയതി: **05/11/2026**
- ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും: **10/11/2026, 11 am**
- ടെൻഡർ തുറന്ന് പരിശോധിക്കുന്ന തീയതി **11/11/2026 11 am**

(എ) സാങ്കേതിക മാനദണ്ഡങ്ങളും പ്രവൃത്തി പരിചയവും:

- ഹൗസ് കീപ്പിംഗ് / ശുചീകരണ സർവീസുകൾ, ടോയ്‌ലറ്റുകളുടെ വാർഷിക പരിപാലനവും പ്രവർത്തന കരാറും, യന്ത്രവൽകൃത ശുചീകരണം എന്നിവയിൽ കുറഞ്ഞത് 2 മുതൽ 5 വർഷം വരെയുള്ള പ്രവൃത്തി പരിചയം ഉണ്ടാകണം.
- 30 ലക്ഷം രൂപയിൽ കുറയാത്ത മൂല്യമുള്ള സമാനമായ ഒരു പ്രവൃത്തിയുടെ പരിചയ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
- കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് രണ്ട് വർഷം സേവനങ്ങൾ നടപ്പിലാക്കിയതിന്റെ വർക്ക് ഓർഡറുകളുടെ പകർപ്പും, പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയെന്ന് ബന്ധപ്പെട്ട അതോറിറ്റി നൽകിയ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റും സമർപ്പിക്കണം.
- സമർപ്പിക്കുന്ന സർട്ടിഫിക്കറ്റിൽ പ്രവൃത്തിയുടെ കാലയളവ്, പൂർത്തീകരണ ചെലവ് എന്നിവ വ്യക്തമായി പരാമർശിച്ചിരിക്കണം.

(ബി) സാമ്പത്തിക മാനദണ്ഡങ്ങൾ (Turnover):

- കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ ഹൗസ് കീപ്പിംഗ് / മെക്കനൈസ്ഡ് ക്ലീനിംഗ് സേവനങ്ങളിൽ നിന്ന് മാത്രം കുറഞ്ഞത് 3 കോടി രൂപയുടെ വാർഷിക വിറ്റുവരവ് ഉണ്ടായിരിക്കണം.

(സി) സമർപ്പിക്കേണ്ട പ്രമാണങ്ങൾ:

- ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ ഓഡിറ്റ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിൽ 3 കോടി രൂപയുടെ മൊത്തം വാർഷിക വിറ്റുവരവ് ഉണ്ടായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്.
- ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ ഓഡിറ്റ് ബാലൻസ് ഷീറ്റും പ്രോഫിറ്റ് & ലോസ് സ്റ്റേറ്റ്മെന്റും.
- പ്രസ്തുത പ്രവൃത്തിയുടെ മേഖലയിൽ ബിഡ് ചെയ്യുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാകണം.
- സ്ഥാപന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
- വർക്ക് ഓർഡർ പകർപ്പ് / കരാർ / പൂർത്തീകരണ സർട്ടിഫിക്കറ്റ് തുടങ്ങിയവ.

- എം.എസ്.എം.ഇ (MSMEs), സർക്കാർ വകുപ്പുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കുള്ള പ്രത്യേക ഇളവുകൾ ബാധകമായിരിക്കും.

6. ഗുണനിലവാരം, പരിശോധന, പിഴ (Quality Control & Penalty)

- ശുചീകരണത്തിന്റെ ഗുണനിലവാരം ബോർഡ് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ ദിവസേന ഒന്നിലധികം തവണ ഉചിതമായ ഇടവേളകളിൽ പരിശോധിക്കുന്നതാണ്.
- നിർദ്ദേശിച്ച നിലവാരത്തിൽ പ്രവൃത്തി നിർവഹിക്കാത്ത പക്ഷം കരാർ റദ്ദാക്കുന്നതിനും മറ്റ് നിയമ നടപടി സ്വീകരിക്കുന്നതിനും ബോർഡിന് അധികാരമുണ്ടായിരിക്കും.
- തുടർച്ചയായ വീഴ്ചകൾ ഉണ്ടായാൽ കരാർ റദ്ദാക്കി മറ്റ് ഏജൻസികളെ ഉപയോഗിച്ച് പണി പൂർത്തിയാക്കുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്.

7. നിയമപരമായ ഉത്തരവാദിത്വവും സുരക്ഷയും (Legal & Safety Obligations)

- തൊഴിൽനിയമങ്ങൾ, ശുചിത്വ-മാലിന്യസംസ്കരണ ചട്ടങ്ങൾ, പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾ, തൊഴിലാളികളുടെ സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ കരാറുകാരൻ പൂർണ്ണമായും പാലിക്കേണ്ടതാണ്.
- ബോർഡിന്റെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ മാലിന്യങ്ങൾ നീക്കം ചെയ്യാനും സംസ്കരിക്കാനും പാടുള്ളൂ. മലിനജലവും മാലിന്യങ്ങളും തുറസ്സായ സ്ഥലങ്ങളിലോ പമ്പാ നദിയിലോ മറ്റ് ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാൻ പാടില്ല.
- അപകടങ്ങൾ, പരിക്കുകൾ, തൊഴിൽ സംബന്ധമായ മറ്റ് ബാധ്യതകൾ, ജീവനക്കാരുടെ വേതനം, EPF, ESI, ഇൻഷുറൻസ് എന്നിവ പൂർണ്ണമായും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

8. സാമ്പത്തിക വ്യവസ്ഥകളും നിരക്ക് കണക്കാക്കലും (Financial Terms & Bidding)

- ആകെ ശൗചാലയങ്ങളുടെ എണ്ണം: ഏകദേശം 1600
- ഏർനെസ്റ്റ് മണി ഡിപ്പോസിറ്റ് (EMD): ₹1,000,000/- (ഒരു ലക്ഷം രൂപ)
- ടെൻഡർ ഫീ: ₹1,500/- + GST
- ക്വാട്ട് ചെയ്യേണ്ട വിധം: ഒരാൾക്ക്, ഒരു ദിനം പ്രതിദിനമുള്ള തുക ക്വാട്ട് ചെയ്യണം. ആളൊന്നിന് ദിനം പ്രതിദിനമുള്ള തുക കാൽക്കുലേറ്റ് ചെയ്യുമ്പോൾ എല്ലാ

നികുതികളും, ക്ലീനിംഗ് ഉപകരണങ്ങൾ, കെമിക്കലുകൾ, ജീവനക്കാരുടെ ശമ്പളം എന്നിവ ഉൾപ്പെടുത്തിയിരിക്കണം).

- പ്രതിമാസ പ്രവർത്തന റിപ്പോർട്ടും ബില്ലും സമർപ്പിക്കണം. പരിശോധനയുടെയും പ്രവർത്തന നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ബിൽ തുക അനുവദിക്കും.

9. ടെൻഡർ സമർപ്പണ രീതി (Tender Submission Procedure)

- ടെൻഡർ **Two Cover System** പ്രകാരം സമർപ്പിക്കണം:
- **Cover A - Technical Bid:** സ്ഥാപനത്തിന്റെ യോഗ്യത, പ്രവൃത്തിപരിചയം, സാമ്പത്തിക ശേഷി, ജീവനക്കാരുടെ വിന്യാസം, സാമഗ്രികൾ, പ്രവർത്തന പദ്ധതി എന്നിവയുടെ വിവരങ്ങൾ.
- **Cover B - Financial Bid:** നിരക്കുകൾ ഉൾപ്പെടുത്തിയ സാമ്പത്തിക നിർദ്ദേശം.
- സാങ്കേതിക യോഗ്യത നേടുന്ന സ്ഥാപനങ്ങളുടെ സാമ്പത്തിക ബിഡ് മാത്രമേ തുറക്കുകയുള്ളൂ. ഏറ്റവും കുറഞ്ഞ നിരക്ക് (L1) സമർപ്പിക്കുന്ന യോഗ്യനായ കരാറുകാരനെ ബോർഡിന്റെ നിലവിലുള്ള ടെൻഡർ നടപടിക്രമങ്ങൾക്കും അംഗീകാരത്തിനും വിധേയമായി തിരഞ്ഞെടുക്കും.

10. പൊതു വ്യവസ്ഥകൾ (General Conditions)

- ഭക്തജനങ്ങളിൽ നിന്നും ശൗചാലയ ഉപയോഗത്തിന് യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ല (സൗജന്യ ഉപയോഗം).
- ബോർഡിന്റെ മുൻകൂർ അനുമതിയില്ലാതെ പരസ്യങ്ങൾ സ്ഥാപിക്കാനോ മറ്റ് വാണിജ്യ പ്രവർത്തനങ്ങൾ നടത്താനോ പാടില്ല.
- ടെൻഡർ സമർപ്പിക്കുന്നതുകൊണ്ടുമാത്രം കരാർ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല. നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ടെൻഡറുകൾ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ടെൻഡർ നടപടികൾ റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

ദേവസ്വം കമ്മീഷണർ,
തിരുവിതാംകൂർ ദേവസ്വം ബോർഡ്